ഭരണഭാഷ-മാതൃഭാഷ

നമ്പർ : DTETVM/656/2026-T2 (ACB) തീയതി: 26-07-2026

## വിജ്ഞാപനം

എം.ടെക് 2026-2027 ന്റെ രണ്ടാം ഘട്ട അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.ഒന്നാം ഘട്ട അലോട്ട്മെൻറ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ confirmation നൽകാത്ത അപേക്ഷാർത്ഥികളെ ഒഴിവാക്കി കൊണ്ടാണ് രണ്ടാം ഘട്ട അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഒന്നാം ഘട്ട അലോട്ട്മെന്റിലും രണ്ടാം ഘട്ട അലോട്ട്മെന്റിലും അലോട്ട്മെൻറ് ലഭിച്ചവർക്കുള്ള പ്രവേശന നടപടികൾ 28/07/2026 മുതൽ 30/07/2026- 3:00 pm വരെ ആയിരിക്കും. അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികളിൽ confirmation നൽകാത്തവർ 30/07/2026 ന 1:00 pm ന മുൻപായി അവരുടെ ഹോം പേജിൽ ലോഗിൻ ചെയ്ത് നിർബന്ധമായും confirmation നൽകേണ്ടതാണ്. Confirmation നൽകിയ വിദ്യാർത്ഥികൾ അവർക്ക് ലഭിച്ച കോളേജുകളിൽ 30/07/2026 -3:00 pm ന മുൻപായി നേരിട്ട് ഹാജരായി ഫീസ് അടച്ച് അഡ്മിഷൻ ഉറപ്പാക്കേണ്ടതാണ്.അല്ലാത്തപക്ഷം അവരുടെ അഡ്മിഷൻ റദ്ദാവുന്നതാണ്. യാതൊരു കാരണവശാലും അധിക സമയം അനുവദിക്കുന്നതല്ല.

ഓൺലൈൻ ആയി അപേക്ഷിച്ചപ്പോൾ അപ്‌ലോഡ് ചെയ്ത എല്ലാ രേഖകളുടെ ഒറിജിനലും അലോട്ട്മെൻറ് മെമ്മോ , Prospectus clause 5.4, 8.1 എന്നിവ പ്രകാരമുള്ള രേഖകളും അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ് . ഓരോ കോളേജുകളുടെയും അഡ്മിഷൻ ഷെഡ്യൂൾ അതാത് കോളേജുകളുടെ വെബ്സൈറ്റ് സന്ദർശിച്ച് മനസ്സിലാക്കേണ്ടതാണ്. അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെൻറ് മെമ്മോ അവരവരുടെ ലോഗിൻ പേജിൽ നിന്ന് download ചെയ്ത് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ് . യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

Dr JAYAPRAKASH P
DIRECTOR

Digitally signed by
Jayaprakash P
Date: 26-07-2026
15:32:24